**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 26895/AD A1/3/എ ഡി എ 1/AD A 1 തീയതി: 06.01.2023

പ്രിയദർശിനി ഹിൽസ്

## <u>സർക്കുലർ</u>

വിഷയം:- പരീക്ഷാ സംബന്ധമായ അന്വേഷണങ്ങൾക്കായി സർവ്വകലാശാലാ ജീവനക്കാർ പരീക്ഷാ വിഭാഗത്തിലെ വിവിധ സെക്ഷനുകൾ സന്ദർശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 05.01.2023 തീയതിയിലെ രജി./01/257/2022 നം. കുറിപ്പ്, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.

പരീക്ഷാ ഫലപ്രഖ്യാപനം, പുനർ മൂല്യനിർണ്ണയം, മാർക്ക് ലിസ്റ്റ്/സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങിയ പരീക്ഷാ സംബന്ധമായ വിഷയങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കും/അന്വേഷണങ്ങൾക്കുമായി സർവ്വകലാശാലയിലെ വിവിധ വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ചില ജീവനക്കാർ നിരന്തരം പരീക്ഷാവിഭാഗം സെക്ഷനുകളിൽ വരുന്നതായും, ബന്ധപ്പെട്ട സെക്ഷനുകളിലെ ജീവനക്കാരേയും സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരേയും സമ്മർദ്ദത്തിലാക്കി സെക്ഷനുകളുടെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, വിവിധ അന്വേഷണങ്ങൾക്കായി ജീവനക്കാർ പരീക്ഷാ വിഭാഗം സെക്ഷനുകൾ നേരിട്ട് സന്ദർശിക്കുന്നത് ഒഴിവാക്കേണ്ടതാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ, പരീക്ഷാ വിഭാഗവുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച വിഷയങ്ങൾ സംബന്ധിച്ച ആവശ്യങ്ങൾക്കും, അന്വേഷണങ്ങൾക്കും ജീവനക്കാർ പരീക്ഷാ കൺട്രോളറുടെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

മേൽ നിർദ്ദേശം കർശനമായി പാലിക്കപ്പെടേണ്ടതാണ്.

ഒപ്പ്

**ഷിജി സെബാസ്റ്റ്യൻ വി**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ, ഡിപ്പാർട്ട്മെൻറുകൾ, സ്കൂളുകൾ
2. വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/ധനകാര്യം/അക്കാദമികം/പരീക്ഷ)
5. ജോയിൻറ് ഡയറക്ടർ -കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി. സർവ്വകലാശാല
6. പി.ആർ.ഒ./ റെക്കോർഡ്സ്/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി./ ഐ.ടി. സെൽ 1/2
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #188 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 06-Jan-2023 04:35 PM - Page 1